**നം: ഐ.സി5- 4138/18.**

**ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**ജലസേചനവും ഭരണവും**
**തിരുവനന്തപുരം**
**തീയതി-22/11/2018.**

## സർക്കുലർ.

വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ (ഓഫീസ് അറ്റൻഡന്റ്,വാച്ചർ,ലാസ്കർ) 1/1/18-ലെ താത്കാലിക മുൻഗണനാ പട്ടിക1/10/18-ലെഇതേ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ടി. പട്ടിക സംബന്ധിച്ച് അക്ഷേപമുള്ളവർക്കും പട്ടികയിൽ ഉൾപ്പെടാത്തവർക്കും അപ്പീൽ സമർപ്പിക്കുന്നതിന് 15 ദിവസം സമയവും അനുവദിച്ചിരുന്നു. നാളിതുവരെ വളരെക്കുറച്ചു അപ്പീലുകൾ മാത്രമേ ലഭിച്ചിട്ടുള്ളു. ആയതിനാൽ 31/12/2017 വരെയുള്ള പി.എസ്.സി.നിയമന ശുപാർശ/ചീഫ്എഞ്ചിനീയറുടെ ഉത്തരവ് എന്നിവ പ്രകാരം താങ്കളുടെ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചു വരുന്നവരും താത്കാലിക മുൻഗണനാ പട്ടികയിലുൾപ്പെടാത്തവരുമായ ലാസ്റ്റഗ്രേഡ് ജീവനക്കാരുടെ സേവന വിവരങ്ങൾ രേഖപ്പെടുത്തിയ അനെക്സർ 11 (ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയ) ~~30~~ 7/12/2018-ന് മുൻപ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.മേൽപറഞ്ഞ സമയപരിധിയ്ക്കുള്ളിൽ അപ്പീലുകളൊന്നും ലഭിച്ചിട്ടില്ലായെങ്കിൽ പരാതികളൊന്നും നിലവിലില്ലായെന്ന് പരിഗണിച്ച് മുൻഗണനാ പട്ടിക അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

1) ചീഫ് എഞ്ചിനീയർ
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ
3) എക്സി. എഞ്ചിനീയർ
(വെബ്സൈറ്റ് മുഖേന)